## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*256** **20.03.2015 - ൽ മറുപടിക്ക്**

**പാലങ്ങളുടെ നിർമ്മാണത്തിനായുള്ള ആക്ഷൻ പ്ലാൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ബഷീർ**<br>**,, റ്റി.എ.അഹമ്മദ് കബീർ**<br>**,, എൻ .എ.നെല്ലിക്കുന്ന്**<br>**,, പി.ഉബൈദുള്ള** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പാലങ്ങളുടെ നിർമ്മിതി സമയ ബന്ധിതമാക്കാനും കാര്യക്ഷമമാക്കാനും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും 05.01.2015 മുതൽ 400 ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കാനാകുന്നതുമായ പാലങ്ങളുടെ പട്ടിക തയ്യാറാക്കി സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഏതൊക്കെ ഏജൻസികൾ മുഖേന നിർമ്മാണ പ്രവർത്തനം നടത്തുന്ന പാലങ്ങളെയാണ് പ്രസ്തുത പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഏതൊക്കെ പാലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം, ദേശീയ പാതാ വിഭാഗം, പൊതുമരാമത്ത് വകുപ്പിനു വേണ്ടി കേരള റോഡ് ഫണ്ട് ബോർഡ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് തുടങ്ങിയ ഏജൻസികൾ മുഖേന നിർമ്മാണം നടക്കുന്ന പാലങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു |

| | | |
|---|---|---|
| (സി) | പാലത്തിനായുള്ള സ്ഥലമെടുപ്പ്, നിർമ്മാണ സാമഗ്രികളുടെ ലഭ്യത, മറ്റു തൊഴിൽ പ്രശ്നങ്ങൾ എന്നിവ യഥാസമയം പരിഹരിക്കാൻ ഏതൊക്കെ വകുപ്പുകളുടെ സഹകരണം വേണ്ടിവരുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വകുപ്പുകളെ സഹകരിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) ഉണ്ട്.<br>റവന്യൂ തദ്ദേശ സ്വയംഭരണം (പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ) മൈനിംഗ് & ജിയോളജി, തൊഴിൽ എന്നീ വകുപ്പുകളുടേയും, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് തുടങ്ങിയ ഏജൻസികളുടേയും സഹകരണം ആവശ്യമാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്ന പക്ഷം വിവിധ വകുപ്പുകൾ/ ഏജൻസികൾ എന്നിവ ഉൾപ്പെടുത്തി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്